# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2416:** **20/06/2012- ൽ മറുപടിക്ക്**

**പൊന്നാനി മണ്ഡലത്തിൽ വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രം തുടങ്ങാൻ നടപടി**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊന്നാനി മണ്ഡലത്തിൽ സംരംഭകത്വ പരിശീലന കേന്ദ്രം ഇല്ലാത്തതിനാൽ പുതിയ സംരംഭകർക്കും നിലവിലുള്ള ചെറുകിട സംരംഭകർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. സർക്കാർ തലത്തിൽ സംരംഭകത്വ പരിശീലന കേന്ദ്രം പൊന്നാനി മണ്ഡലത്തിൽ ഇല്ല. എന്നാൽ പൊന്നാനി താലൂക്കിനുവേണ്ടിയുള്ള താലൂക്ക് വ്യവസായ ഓഫീസ് പൊന്നാനി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. പൊന്നാനി മുനിസിപ്പാലിറ്റി, പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ വ്യവസായ വികസന ഓഫീസർമാരും നിലവിലുണ്ട്. ഇവർ ചെറുകിട സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | നാളികേര മത്സ്യമേഖലകളിൽ ധാരാളം ചെറുകിട സംരംഭങ്ങൾ ശാസ്ത്രീയമായ മേൽനോട്ടമില്ലാത്തതുമൂലം നിലച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൽസ്യമേഖലയിൽ ഒരു ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസും, മൽസ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഒരു പ്രോജക്ട് ഓഫീസും പൊന്നാനി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നതായി അറിയുന്നു. കൂടാതെ കേരള കാർഷിക സർവ്വകലാശാലക്ക് കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ), കാർഷിക എഞ്ചിനീയറിംഗ് കോളേജ് എന്നിവ തൊട്ടടുത്ത തവനൂർ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. നാളികേര വികസന ബോർഡ് ഹെഡ് ഓഫീസ് കൊച്ചിയിലും, |

| | | | |
|---|---|---|---|
| | | | കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ) കാസർഗോഡും പ്രവർത്തിക്കുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്നാണ് ബന്ധപ്പെട്ട ചെറുകിട സംരംഭങ്ങൾക്ക് ശാസ്ത്രീയവും സാങ്കേതികവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭിച്ച് വരുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത മണ്ഡലത്തിൽ ഒരു വ്യവസായ സംരംഭകത്വ പരിശീലന കേന്ദ്രം ഈ വർഷം തന്നെ തുടങ്ങാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ